പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2554 12.6.2018 -ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ പള്ളിക്കര പി.എച്ച്.സി നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ പള്ളിക്കര പി.എച്ച്.സി നിർമ്മാണവുമായി ബന്ധപ്പെട്ട് പള്ളിക്കര പഞ്ചായത്തും ബി.ആർ.ഡി.സി-യും അവരവരുടെ കൈവശമുള്ള സ്ഥലം പരസ്പരം കൈമാറ്റം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | കാസർഗോഡ് ജില്ലയിലെ പള്ളിക്കര പി.എച്ച്,സി. നിർമ്മാണവുമായി ബന്ധപ്പെട്ട പള്ളിക്കര പഞ്ചായത്തും ബി.ആർ.ഡി.സി. യും അവരവരുടെ കൈവശമുള്ള സ്ഥലം പരസ്പരം കൈമാറ്റം ചെയ്തിട്ടില്ല. സ്ഥലം പരസ്പരം കൈമാറുന്നതിനായുള്ള പ്രൊപ്പോസൽ കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസർ (കാഞ്ഞങ്ങാട്) സർക്കാരിൽ സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുകയും സർക്കാരിന്റെ അന്തിമ ഉത്തരവിന് വിധേയമായി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് പി.എച്ച്.സിക്കു വേണ്ടി ബി.ആർ.ഡി.സി. നീക്കിവെച്ച 1 .03 ഏക്കർ സ്ഥലം ( പള്ളിക്കര വില്ലേജിലെ സർവ്വേ നം. 441/17 ) അഡ്വാൻസ് പൊസഷൻ നൽകുവാൻ ഹോസ്ദുർഗ്ഗ് താലൂക്ക് തഹസീൽദാരെ കാസർഗോഡ് കളക്ടർ ചുമതലപ്പെടുത്തി ഉത്തരവാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് ഇറക്കിയ സർക്കാർ ഉത്തരവ് പ്രകാരം നിർമ്മാണത്തിന് ബി.ആർ.ഡി.സി, പി.എച്ച്.സി-ക്ക് എത്ര തുകയാണ് നൽകേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ; | ബി യും സി യും | ഭൂമി കൈമാറ്റ അനുമതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം ബി.ആർ.ഡി.സി, 30 ലക്ഷം രൂപ നാഷണൽ റൂറൽ ഹെൽത്ത് മിഷനു കൈമാറേണ്ടതുണ്ട്. ഇത് പുതുതായി പണികഴിപ്പിക്കുന്ന പി.എച്ച്.സി. യിലേക്ക് ആവശ്യമായ ഫർണിച്ചറും മറ്റു സാമഗ്രികളും വാങ്ങുന്നതിനു വേണ്ടിയാണ്. ഭൂമി കൈമാറ്റത്തിനുള്ള അന്തിമ ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ തുക നാളിതുവരെ ആവശ്യപ്പെടാത്തതിനാലും ടി തുക നൽകുന്നതിന് ബി.ആർ.ഡി.സി. നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| സി) | പ്രസ്തുത നിർമ്മാണം തുടങ്ങിയ സ്ഥിതിയ്ക്ക് ഈ തുക ബി.ആർ.ഡി.സി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ